ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 09.08.2025**

## പ്രധാനവാർത്തകൾ

1. രാജ്യത്തെ കോടിക്കണക്കിന് ജനങ്ങളുടെ സ്വപ്ന സാക്ഷാത്കരത്തിന്റെ പ്രതീകമാണ് കർത്തവ്യ ഭവനെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിലെ കർത്തവ്യ ഭവൻ പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിച്ചു.

2. ബിഹാറിലെ സമഗ്ര വോട്ടർപട്ടിക ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പാർലമെന്റിൽ പ്രതിപക്ഷ ബഹളം. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

3. സംസ്ഥാന സർക്കാർ ജീവനക്കാരുടെ മെഡിസെപ്പ് പദ്ധതിയുടെ അടിസ്ഥാന പരിരക്ഷ അഞ്ചു ലക്ഷം രൂപയായി ഉയർത്താൻ മന്ത്രിസഭാ യോഗ തീരുമാനം.

4. തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൻറെ കരട് വോട്ടർപ്പട്ടികയിൽ പേര് ചേർക്കാനും തിരുത്താനും നാളെ വരെ അവസരം.

5. അനധികൃതമായി ജോലിയിൽ നിന്ന് വിട്ടു നിൽക്കുന്ന 51 ഡോക്ടർമാരെ പിരിച്ചു വിടാൻ ഉത്തരവിട്ട് ആരോഗ്യമന്ത്രി വീണാ ജോർജ്.

6. സംസ്ഥാനത്ത് ചിലയിടങ്ങളിൽ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യത. കണ്ണൂരും കാസർഗോഡും ഇന്ന് ഓറഞ്ച് ജാഗ്രത.

RNU TVPM

കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്ക്.

&&&&&&&&&&&&&&&&&&

## കർത്തവ്യ ഭവൻ - പ്രധാനമന്ത്രി

രാജ്യത്തെ കോടിക്കണക്കിന് ജനങ്ങളുടെ സ്വപ്ന സാക്ഷാത്കരത്തിന്റെ പ്രതീകമാണ് കർത്തവ്യ ഭവനെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിലെ കർത്തവ്യപഥിൽ നടന്ന പൊതുപരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കർത്തവ്യ പഥ്, കർത്തവ്യ ഭവൻ എന്നീ പേരുകൾ ജനാധിപത്യത്തിന്റെ അടിസ്ഥാന തത്വങ്ങളെ ഉൾക്കൊണ്ടാണ് നൽകിയിരിക്കുന്നത്. നിരവധി പ്രധാന മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും ഓഫീസുകൾ ഒരു കുടക്കീഴിൽ പ്രവർത്തിക്കുന്നതിലൂടെ കാര്യക്ഷമത വർദ്ധിക്കും. വർഷങ്ങളോളം വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചിരുന്ന സർക്കാർ ഓഫീസുകൾ കർത്തവ്യ ഭവനിലേക്ക് മാറ്റിയതിലൂടെ ഈ ഇനത്തിൽ കോടി കണക്കിന് രൂപ ലാഭിക്കാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. രാവിലെ നടന്ന ചടങ്ങിൽ ന്യൂഡൽഹിയിലെ കർത്തവ്യ ഭവൻറെ ഉദ്ഘാടനം പ്രധാനമന്ത്രി നിർവ്വഹിച്ചു.

RNUTVPM

&&&&&&&&&&&&&&&&&&

## പാർലമെന്റ്

ബിഹാറിലെ സമഗ്ര വോട്ടർപട്ടിക ഉൾപ്പെടെയുള്ള വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ ഇരുസഭകളിലും നടപടികൾ ഇന്നും തടസ്സപ്പെട്ടു. ലോക്സഭയും രാജ്യസഭയും ഇന്നത്തേക്ക് പിരിഞ്ഞു. ബീഹാർ വോട്ടർ പട്ടിക വിഷയം സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ സഭയിൽ ചർച്ച ചെയ്യാൻ കഴിയില്ലെന്ന് മന്ത്രി കിരൺ റിജിജു പറഞ്ഞു. തുറമുഖ, ഷിപ്പിംഗ്, ജലഗതാഗത മന്ത്രി സർബാനന്ദ സോനോവാൾ അവതരിപ്പിച്ച മർച്ചൻറ് ഷിപ്പിംഗ് ബിൽ 2024 സഭ പാസാക്കി.

&&&&&&&&&&&&&&&&&&&

## മന്ത്രിസഭാ യോഗം - ഇൻട്രോ (1)

സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപിൻറെ അടിസ്ഥാന പരിരക്ഷ അഞ്ചു ലക്ഷം രൂപയായി ഉയർത്താൻ സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു. ഇതിനു പുറമെ 41 സ്പെഷാലിററി ചികിൽസകളും ഉൾപ്പെടുത്തി ആനുകൂല്യം നൽകാനും തീരുമാനിച്ചിട്ടുണ്ട്.

**ആകാശവാണി ലേഖകൻ എം. സ്മിതി തയ്യാറാക്കിയ റിപ്പോർട്ട്.**
**(ഹോൾഡ് - വോയ്സ്.........)**

&&&&&&&&&&&&&&&&&&&

## .മന്ത്രിസഭായോഗം 2

കേരള ഡിജിറ്റൽ സർവ്വകലാശാലയുടെ വൈസ് ചാൻസലറെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട 2021ലെ നിയമ വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിനുള്ള കരട് ഓർഡിനൻസും മന്ത്രിസഭായോഗം അംഗീകരിച്ചു. അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി പ്രകാരമുള്ള വീടും സ്ഥലവും ലഭ്യമാക്കാനുള്ള നടപടി ക്രമങ്ങളിൽ ഇളവ് അനുവദിക്കാനും മന്ത്രിസഭാ യോഗം തീരുമാനിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&&

## .ജി. ആർ. അനിൽ

കേരളത്തിലെ പൊതുവിതരണ സംവിധാനം രാജ്യത്തിന് മാതൃകയെന്ന് മന്ത്രി ജി. ആർ. അനിൽ. സംസ്ഥാനത്തെ 43,000 കുടുംബങ്ങൾക്കുള്ള മുൻഗണനാ റേഷൻ കാർഡുകളുടെ വിതരണോദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു Nമന്ത്രി. പുതിയ മുൻഗണനാ കാർഡിനായി സെപ്റ്റംബർ 16 മുതൽ ഒക്ടോബർ 15 വരെ അപേക്ഷിക്കാൻ അവസരം നൽകുമെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&&

## വോട്ടർപ്പട്ടിക

സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിനുള്ള കരട് വോട്ടർപ്പട്ടികയിൽ പേര് ചേർക്കാനും തിരുത്താനുമുള്ള അവസരം നാളെ അവസാനിക്കും. പേര് ഉൾപ്പെടുത്താൻ ഇതുവരെ 18 ലക്ഷത്തിലേറെ പേർ അപേക്ഷ നൽകി. ഈ മാസം 30 ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കും. അതെസമയം, വോട്ടർ പട്ടികയിൽ പേര് ചേർക്കാനുള്ള സമയ പരിധി ഈ മാസം 31 വരെ നീട്ടണമെന്നാവശ്യപ്പെട്ട് ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് കത്തയച്ചു.

&&&&&&&&&&&&&&&&&&

## സജി ചെറിയാൻ (ഇൻട്രോ)

ഫിഷറീസ് മേഖലയിലെ നിക്ഷേപ പദ്ധതികൾ ചർച്ച ചെയ്യാനായി അടുത്ത മാസം തിരുവനന്തപുരത്ത് കോൺക്ലേവ് സംഘടിപ്പിക്കുമെന്ന് മന്ത്രി സജി ചെറിയാൻ. പുനർഗേഹം പദ്ധതിയിലൂടെ തിരുവനന്തപുരം മുട്ടത്തറയിൽ നിർമിച്ച 332 ഫ്ലാറ്റുകളുടെ താക്കോൽ ദാനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവഹിക്കുമെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്..........)

&&&&&&&&&&&&&&&&&&

## വീണാ ജോർജ്

അനധികൃതമായി ജോലിയിൽ നിന്ന് വിട്ടു നിൽക്കുന്ന 51 ഡോക്ടർമാരെ പിരിച്ചു വിടാൻ ഉത്തരവിട്ടതായി ആരോഗ്യമന്ത്രി വീണാ ജോർജ്. പല തവണ അവസരം നൽകിയിട്ടും സർവീസിൽ പ്രവേശിക്കാൻ താത്പര്യം പ്രകടിപ്പിക്കാത്ത ജീവനക്കാരെയാണ് നീക്കം ചെയ്തത്. അനധികൃതമായി ജോലിക്ക് ഹാജരാകാത്ത ജീവനക്കാരെ കണ്ടെത്തി റിപ്പോർട്ട് നൽകുന്നതിനും കർശനമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും വകുപ്പിന് നേരത്തെ കർശന നിർദ്ദേശം നൽകിയിരുന്നു.

&&&&&&&&&&&&&&&&&&

RNUTVPM

## പാലിയേക്കര ടോൾ

തൃശൂർ ജില്ലയിലെ പാലിയേക്കര ടോൾ പ്ലാസയിലെ ടോൾ പിരിവ് നാല് ആഴ്ചത്തേക്ക് നിർത്തിവെക്കാൻ ഹൈക്കോടതി ഉത്തരവിട്ടു. ടോൾ പിരിവിനെ ചോദ്യം ചെയ്യുള്ള ഹർജികൾ പരിഗണിക്കവെയാണ് ഡിവിഷൻ ബെഞ്ച് ഉത്തരവ് പുറപ്പെടുവിച്ചത്. ദേശീയ പാത അതോറിറ്റിയും ചീഫ് സെക്രട്ടറിയും കൂടിയാലോചിച്ച് പൊതുജനങ്ങളുടെ പരാതി പരിഹരിക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കണമെന്നും ഹൈക്കോടതി നിർദേശം നൽകി.

&&&&&&&&&&&&&&&&&&

## എം.എസ്. സ്വാമിനാഥൻ

എം.എസ്. സ്വാമിനാഥൻ ജന്മ ശതാബ്ദിയോട് അനുബന്ധിച്ചുള്ള അന്താരാഷ്ട്ര സമ്മേളനം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവും പ്രമുഖ കാർഷിക ശാസ്ത്രജ്ഞനുമായ എം.എസ്. സ്വാമിനാഥന്റെ സ്മരണയ്ക്കായി നാണയവും സ്റ്റാമ്പും ചടങ്ങിൽ പുറത്തിറക്കും.
ശനിയാഴ്ച വരെയാണ് സമ്മേളനം.

RNU TVPM

&&&&&&&&&&&&&&&&&&

## കൈത്തറി ദിനം

ദേശീയ കൈത്തറി ദിനാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി പി. രാജീവ് നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. കൈത്തറി മേഖലയുടെ വളർച്ചയും നെയ്ത്തുകാരുടെ ഉന്നമനവും ലക്ഷ്യമിട്ടുള്ള വിവിധ പരിപാടികൾ ഇതിൻറെ ഭാഗമായി നടക്കും. കൈത്തറി സഹകരണ സംഘങ്ങൾക്കുള്ള അവാർഡ് വിതരണവും തൊഴിലാളികളെ ആദരിക്കലും മന്ത്രി വി. ശിവൻകുട്ടി നിർവ്വഹിക്കും.

&&&&&&&&&&&&&&&&&&

## ദേശീയ കൈത്തറി ദിനം (ഇൻട്രോ)

ദേശീയ കൈത്തറി ദിനത്തോടനുബന്ധിച്ച് നാളെ കണ്ണൂരിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കും. വിവേഴ്സ് സർവീസ് സെൻററിൻറെയും ജില്ലാ വ്യവസായ കേന്ദ്രത്തിൻറെയും ആഭിമുഖ്യത്തിലാണ് പരിപാടികൾ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ ..**

(വോയിസ്)

&&&&&&&&&&&&&&&&&&

## കേരള മഴ

സംസ്ഥാനത്ത് ചിലയിടങ്ങളിൽ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ്, ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. ഇടുക്കി, മലപ്പുറം, കോഴിക്കോട് , വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.

&&&&&&&&&&&&&&&&&&

## കെ.എൻ. ബാലഗോപാൽ

സംസ്ഥാന സർക്കാർ മാധ്യമങ്ങൾക്ക് പരമാവധി പിന്തുണ നൽകുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. കേരള മീഡിയ അക്കാദമിയുടെ 2024-25 വർഷത്തെ മാധ്യമപ്രതിഭാസംഗമം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മീഡിയ അക്കാദമിയുടെ പുതുക്കിയ വെബ്സൈറ്റ് ഉദ്ഘാടനവും മന്ത്രി നിർവ്വഹിച്ചു.

&&&&&&&&&&&&&&&&&&

## വി.ഡി സതീശൻ

മേഘവിസ്ഫോടനവും മിന്നൽപ്രളയവും ഉണ്ടായ ഉത്തരാഖണ്ഡിലെ ധരാലിയിൽ കുടുങ്ങിയ 28 അംഗ മലയാളി സംഘത്തിന്റെ സുരക്ഷ ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഉത്തരാഖണ്ഡ് മുഖ്യമന്ത്രിക്ക് കത്ത് നൽകി. മലയാളി സംഘത്തെ എത്രയും വേഗം കണ്ടെത്താനും

RNUTVPM

രക്ഷപ്പെടുത്താനും ഇടപെടൽ നടത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&&

## ശുചിത്വമിഷൻ

ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക് നിരോധനത്തിന് സുപ്രീം കോടതി സ്റ്റേ നൽകിയെന്ന തരത്തിൽ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്ത തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് ശുചിത്വമിഷൻ കണ്ണൂർ ജില്ലാ കോർഡിനേറ്റർ. പത്ത് മലയോര വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ 5 ലിറ്ററിൽ താഴെയുള്ള കുടിവെള്ളകുപ്പികളും 2 ലിറ്ററിൽ താഴെയുള്ള ശീതള പാനീയ കുപ്പികളുമാണ് നിരോധിക്കാൻ ഹൈക്കോടതി നിർദ്ദേശിച്ചത്. ഇത് നടപ്പാക്കാനുള്ള നിർദ്ദേശമാണ് സുപ്രീം കോടതി സ്റ്റേറ്റേ ചെയ്തത്.

&&&&&&&&&&&&&&&&&&&

RNU TVPM

## എം.ബി രാജേഷ്.-ഹരിത സംഗമം

കെഎസ്ആർടിസിയുടെ ഹരിത സംഗമം ഏകദിന ശില്പശാലയ്ക്ക് തിരുവനന്തപുരത്ത് തുടക്കമായി.

സംസ്ഥാനത്തെ കെഎസ്ആർടിസി ബസ് സ്റ്റേഷനുകൾ നവീകരണത്തിലൂടെ കടന്നു പോകുകയാണെന്ന് ശിൽപശാല ഉദ്ഘാടനം ചെയ്യവെ മന്ത്രി എം.ബി രാജേഷ് പറഞ്ഞു. ശുചീകരണ പ്രവർത്തനങ്ങളിൽ ഹരിത കർമ്മസേനയുടെ സേവനം വിലമതിക്കാൻ കഴിയാത്തതാണെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

## കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം വിവരാവകാശ നിയമത്തിൻറെ പരിധിയിൽ വരുന്ന പൊതു സ്ഥാപനമാണെന്ന് ഹൈക്കോടതി. സിംഗിൾ ബെഞ്ചിന്റെ തീരുമാനത്തെ ചോദ്യം ചെയ്ത് സിയാൽ സമർപ്പിച്ച റിട്ട് അപ്പീലുകൾ തള്ളിക്കൊണ്ടാണ് ഡിവിഷൻ ബെഞ്ചിൻറെ ഉത്തരവ്.

ആർടിഐ നിയമത്തിലെ വിവിധ വ്യവസ്ഥകൾ പ്രകാരം ഉള്ള എല്ലാ നടപടികളും പൂർണ്ണമായും നടപ്പിലാക്കുന്നതിനും, അതുമായി ബന്ധപ്പെട്ട റിപ്പോർട്ട് സമർപ്പിക്കുന്നതിനും സിയാലിന് 15 ദിവസത്തെ സമയം കോടതി അനുവദിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM